"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പെരിന്തൽമണ്ണ എസ്.എം.യു.പി. സ്കൂളിലെ ശ്രീ വേണുഗോപാലൻ കെ. യുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.114/2026/GEDN തീയതി,തിരുവനന്തപുരം, 05-01-2026

പരാമർശം:- 1. മാനേജരുടെ 07.07.2025 തീയതിയിലെ റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.08.2025 തീയതിയിലെ ഡിജിഇ/15008/2025-ഇ4 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പെരിന്തൽമണ്ണ എസ്.എം.യു.പി. സ്കൂളിലെ ശ്രീ വേണുഗോപാലൻ കെ. യുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചു.

2. ഈ വിഷയത്തിൽ 13.08.2025 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. പെരിന്തൽമണ്ണ എസ്.എം.യു.പി. സ്കൂളിലെ ഓഫിസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ ഗിരീഷ് പി. 30/04/2024 ന് വിരമിച്ചതിനെ തുടർന്ന് ടി തസ്തികയിൽ വന്ന ഒഴിവിൽ 17/05/2024 മുതൽ നിയമിക്കപ്പെട്ട ഭിന്നശേഷിക്കാരനായ ശ്രീ വേണുഗോപാലൻ കെ.യുടെ നിയമനം ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട നിയമനമായി പരിഗണിച്ച് ശമ്പള സ്കെയിലിൽ റഗുലറായി നിയമനാംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന പെരിന്തൽമണ്ണ എസ്.എം.യു.പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ പി.ഗിരീഷ് 30/04/2024 ന് വിരമിച്ച ഒഴിവിൽ മാനേജർ ശ്രീ കെ.വേണുഗോപാലിനെ നിയമിച്ചു. ഭിന്നശേഷി സംവരണം സംബന്ധിച്ച വ്യവസ്ഥകൾക്ക് വിധേയമായും 01.11.2023 ലെ ജെആർ1/502/2023/പൊവിവ നമ്പർ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിലും നിയമനം ദിവസവേതനാടിസ്ഥാനത്തിൽ പെരിന്തൽമണ്ണ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. തുടർന്ന് 07/05/2024 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി നിയമിതനായ, 60 ശതമാനം അംഗവൈകല്യവും, എംപ്ലോയ്മെന്റ് രജിസ്ട്രേഷനുമുള്ള ശ്രീ കെ. വേണുഗോപാലിന്റെ

നിയമനം ശമ്പളസ്കെയിലിൽ തുടർച്ചയായി അംഗീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാനേജർ റിവിഷൻ ഹർജി സമർപ്പിക്കുകയും, 21/06/2025ലെ ഇ4/811258/2025/ഡിജിഇ നമ്പർ ഉത്തരവ് പ്രകാരം നിരസിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെയാണ് മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പ്രകാരം, ബാക്ക് ലോഗ് കണക്കാക്കി റോസ്റ്റർ ഡാറ്റ തയ്യാറാക്കി റിക്വിസിഷൻ സ്ലിപ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിച്ചതിന് ശേഷം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലഭ്യമാകുന്ന ലിസ്റ്റിൽ നിന്ന് മാത്രമേ മാനേജർമാർക്ക് ഭിന്നശേഷിക്കാരെ നിയമിക്കുവാൻ സാധിക്കുകയുള്ളൂ. മേൽ സാഹചര്യത്തിൽ, ടി നിയമനം റഗുലർ അടിസ്ഥാനത്തിൽ അംഗീകരിക്കണമെന്ന മാനേജരുടെ ആവശ്യം പരിഗണനാർഹമല്ല എന്നും, ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പൂർണമായും പാലിച്ചാൽ മാത്രമേ ടി നിയമനം റഗുലറായി ക്രമീകരിക്കുവാൻ കഴിയുകയുള്ളൂവെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പ്രകാരം, ബാക്ക് ലോഗ് കണക്കാക്കി റോസ്റ്റർ ഡാറ്റ തയ്യാറാക്കി റിക്വിസിഷൻ സ്ലിപ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിച്ചതിന് ശേഷം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലഭ്യമാകുന്ന ലിസ്റ്റിൽ നിന്ന് മാത്രമേ മാനേജർമാർക്ക് ഭിന്നശേഷിക്കാരെ നിയമിക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത സാഹചര്യത്തിൽ ശ്രീ. വേണുഗോപാലൻ കെ.യുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം റഗുലർ അടിസ്ഥാനത്തിൽ അംഗീകരിക്കണമെന്ന മാനേജരുടെ ആവശ്യം നിരസിച്ച് അപ്രകാരം മാനേജർ സർക്കാരിൽ സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

മാനേജർ, എസ്.എം.യു.പി.സ്കൂൾ, പെരിന്തൽമണ്ണ, മലപ്പുറം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 05-01-2026 12:51:55

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.